നമ്പർ: എം.ടി. (2) 18494/07.

സഹകരണസംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, 22.5.2007.

സർക്കുലർ നമ്പർ. 31/2007

വിഷയം: 4457-ാം നമ്പർ കേരള സംസ്ഥാന മംഗല്യസൂത്ര സഹകരണസംഘം കിളിപ്പാലം - സംഭാവന ഓഹരി എടുക്കുന്നതിനും പൊതു നന്മ ഫണ്ടിലേക്ക് സംഭാവന നൽകുന്നതിനും സഹകരണസംഘങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: 1. സംഘം ഭരണസമിതിയുടെ 11.5.07 - ലെ 2-ാം നമ്പർ തീരുമാനം.

2. ആലപ്പുഴ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറുടെ 15.5.07 - ലെ എച്ച്.എം. 3190/07 നമ്പർ കത്ത്.

******

4457-ാം നമ്പർ കേരള സംസ്ഥാന മംഗല്യസൂത്ര സഹകരണസംഘത്തിന്റെ ഓഹരിയെടുക്കുന്നതിനും പൊതു നന്മഫണ്ടിലേക്ക് സംഭാവന നൽകുന്നതിനുമായി സഹകരണസംഘങ്ങൾക്ക് അനുവാദം നൽകണമെന്ന് സൂചന (1) പ്രകാരം പ്രസ്തുതസംഘം ഭരണസമിതി തീരുമാനമെടുത്തത് അപേക്ഷിക്കുകയും, തുടർന്ന് സൂചന (2) പ്രകാരം ആലപ്പുഴ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

26.4.2007 - ന് രജിസ്റ്റർ ചെയ്ത് 11.5.2007 - ന് പ്രവർത്തനം ആരംഭിച്ച കേരള സംസ്ഥാന മംഗല്യസൂത്ര സഹകരണസംഘത്തിന്റെ പ്രധാന ഉദ്ദേശ്യം സമൂഹത്തിലെ നിർധനരായ പെൺകുട്ടികളുടെ വിവാഹാവശ്യങ്ങൾക്കായി ലാഭേച്ഛ കൂടാതെ നാമമാത്രമായ പരിശുൾക്കത്തിൽ വായ്പ അനുവദിച്ചു നൽകുക എന്നുള്ളതാണ്. ഈ ആവശ്യത്തിനായി സഹകരണസ്ഥാപനങ്ങളിൽ നിന്നും ഓഹരിമൂലധനമായി ഫണ്ട് സമാഹരിക്കുന്നതിനായി സംഘം തീരുമാനിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കേരളസംസ്ഥാന മംഗല്യസൂത്ര സഹകരണസംഘത്തിൽ നിന്നും ഓഹരി എടുക്കുന്നതിനും പൊതുനന്മ ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിനും സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള സഹകരണസംഘങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഒപ്പ്),
വി. രമ്യനാഥ്,
സഹകരണസംഘം രജിസ്ട്രാർ (ജനറൽ).

പകർപ്പ്:
1. ആലപ്പുഴ ജനറൽ/ഓഡിറ്റ് വിഭാഗം ജോയിന്റ് രജിസ്ട്രാർമാർക്കും.
2. സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ മുഖാന്തിരം).
3. ഈ ഓഫീസിലെ എല്ലാ ഓഫീസർക്കും. // ഓർഡിനേറ്റർ //
4. സ്റ്റോക്ക് ഫയൽ/സ്പെയർ.

സഹകരണസംഘം രജിസ്ട്രാർക്കു വേണ്ടി.